**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3564** **02-03-2023 - ൽ മറുപടിയ്ക്ക്**

**ജെനുവിനിറ്റി സർട്ടിഫിക്കറ്റുകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ നിന്നും ലഭിക്കുന്ന ഡിഗ്രി ഉൾപ്പെടെയുള്ള ജെനുവിനിറ്റി സർട്ടിഫിക്കറ്റുകളിൽ മോഡ് ഓഫ് സ്റ്റഡി എന്ന കോളത്തിൽ പ്രൈവറ്റ് എന്ന് രേഖപ്പെടുത്തുന്നതിനാൽ അത് റഗുലർ ഡിഗ്രിയല്ലെന്ന കാരണം പറഞ്ഞ് യു.എ.ഇ. പോലെയുള്ള വിദേശ രാജ്യങ്ങളിൽ ഉദ്യോഗാർത്ഥികൾക്ക് ഈക്വലൻസി സർട്ടിഫിക്കറ്റ് ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | **പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെ പാഠ്യപദ്ധതി റഗുലർ വിദ്യാർത്ഥികളുടേതിന് സമാനമാണെങ്കിലും ഈ വിദ്യാർത്ഥികൾക്ക് സർവ്വകലാ ശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നിന്നും നേരിട്ട് ശിക്ഷണം ലഭിക്കാത്തതിനാൽ, ടി വിദ്യാർത്ഥികളെ സർവ്വകലാശാലകൾ റഗുലർ എന്ന് സൂചിപ്പിക്കാറില്ല.** |
| (ബി) | ജെനുവിനിറ്റി സർട്ടിഫിക്കറ്റുകളിലുള്ള പ്രൈവറ്റ്എന്നത് വിദേശ രാജ്യങ്ങളിൽ ഡിസ്റ്റൻസ് സ്റ്റഡിയുടെ വിഭാഗത്തിൽ ഉൾപ്പെടുത്തിയതിനാൽ പ്രൈവറ്റ് എന്നതിന് പകരം റെഗുലർ മോഡ് ഓഫ് സ്റ്റഡി എന്ന് രേഖപ്പെടുത്തി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് യൂണിവേഴ്സിറ്റികൾക്ക് നിർദേശം നൽകുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | **പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് പാഠ്യപദ്ധതി റഗുലർ വിദ്യാർത്ഥികളുടേതുപോലെയാണ് എന്ന സർട്ടിഫിക്കറ്റ് വിദ്യാർത്ഥികളുടെ ആവശ്യപ്രകാരം വിവിധ സർവ്വകലാശാലകൾ നൽകുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ